# ജാമക്കാരൻ
# JAMAKKARAN

VOLUME - 4 Reg NO.TNBIL/2016/70171 ISSUE - 10

OCTOBER - 2020 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

✆ 0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. **9894261333 This No. is for SMS Purpose only**



ദൈവം കൃപയാൽ എനിക്കു നല്കിയ സ്നേഹം നിറഞ്ഞ വായനക്കാർക്ക്, ഈ മാസ ജാമക്കാരൻ മാസിക പ്രസിദ്ധീകരിക്കാൻ അനുവദിച്ച ദൈവത്തിന് സ്തോത്രം! നിങ്ങൾക്കേവർക്കും എന്റെ ആശംസകൾ!

2020 ആഗസ്റ്റ് ലക്കത്തിൽ ‘‘ഉപവസിച്ച് പ്രാർത്ഥിക്കുന്നത് എങ്ങനെ?’’ എന്ന് എഴുതിയിരുന്നു. പഴയ പുതിയ നിയമങ്ങളിലെ ഉപവാസങ്ങളെക്കുറിച്ചും, 40, 30, 21, 7 ദിവസ ഉപവാസങ്ങളെക്കുറിച്ചും വിശദമായി എഴുതിയത് വായിച്ചിരിക്കുമല്ലോ. പ്രധാനമായി ആ ലേഖനം പ്രസിദ്ധീകരിക്കാൻ കാരണം റ്റി.വി. യിലും നവമാദ്ധ്യമങ്ങളിലുമായി ഉപവാസത്തെക്കുറിച്ച് തെറ്റായ പഠിപ്പിക്കലുകളും ഉപദേശങ്ങളും വ്യാപിക്കുന്നതുകൊണ്ടാണ്. വിശേഷിച്ച്, പ്രസിദ്ധരായ നേതാക്കന്മാർ കാര്യങ്ങൾ അവതരിപ്പിക്കുകയോ, പഠിപ്പിക്കുകയോ ചെയ്താൽ ജനം അത് അങ്ങനെ തന്നെ വിശ്വസിക്കുകയും ചെയ്യും. ഉപവസിച്ച് പ്രാർത്ഥിച്ചാൽ കുഞ്ഞ് ജനിക്കും, കടം നീങ്ങും, വീട് വയ്ക്കാനുള്ള തടസ്സങ്ങൾ മാറും,



ജാ മ ക്കാ ര ൻ JAMAKKARAN

ശുശ്രൂഷയിൽ അത്ഭുതങ്ങൾ നടക്കും എന്നിങ്ങനെ പോകുന്നു കള്ള ഉപദേശങ്ങൾ. ഈ പഠിപ്പിക്കലുകൾ ശരി എന്ന് ജനം വിശ്വസിക്കാനായി കള്ളസാക്ഷികളെയും രംഗത്ത് അവതരിപ്പിക്കുന്നു. അതുകൊണ്ടാണ് വചനം പ്രത്യേകിച്ച്, പുതിയനിയമം ഉപവാസത്തെക്കുറിച്ച് എന്ത് പറയുന്നു എന്ന് ഊന്നൽ നല്കി ആ ലേഖനം പ്രസിദ്ധീകരിച്ചത്.

അനേകവായനക്കാരും, ശുശ്രൂഷകരും ഉപവാസത്തെ കുറിച്ചുള്ള ആ ലേഖനം "ഞങ്ങൾക്കു വളരെ പ്രയോജനകരമായിരുന്നു എന്നും, ശരിയായ രീതിയിലുള്ള ഉപവാസം എന്ത് എങ്ങനെ എന്ന് അറിയാനിടയായി എന്നും ഇതുവരെ ഞങ്ങളുടെ സഭയും കൂടിവരവും സഭാനേതാക്കന്മാരും പഠിപ്പിച്ചത് പൂർണ്ണമായും ശരിയായിരുന്നില്ല എന്നും എഴുതി അറിയിച്ചു. അഭിപ്രായങ്ങൾ എഴുതി അറിയിച്ച ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം നന്ദി അറിയിക്കുന്നു. ഒപ്പം, ''ആ ലേഖനം ഒരു ചെറു പുസ്തകമായി പ്രസിദ്ധീകരിച്ചാൽ ഞങ്ങളുടെ പരിചയത്തിലുള്ള വ്യക്തികൾക്കു കൊടുക്കാനും അവർ സത്യം മനസ്സിലാക്കാനും ഇടയാകും" എന്ന് അനേകർ എഴുതി അറിയിച്ചിരിക്കുന്നു.

പ്രിയരെ, എനിക്കു വന്ന കൊറോണ രോഗം അല്പം ഭേദമായ നിലയിൽ, വളരെ ക്ലേശത്തോടുകൂടി ഈ ലക്കം എഴുതുന്നു. ഇനിയും നാല് ആഴ്ചകൾ കൂടി പൂർണവിശ്രമം ആവശ്യമെന്ന് ഡോക്ടേഴ്സ് അറിയിച്ചിരിക്കുന്നു.

നഷ്ടപ്പെട്ട ബലം കുറെശ്ശയായി തിരികെ പ്രാപിച്ച് വരുന്നു. ഇനിയുള്ള ഒരു പരിശോധനക്കും അതിന്റെ റിസൽട്ടിനുമായി കാത്തിരിക്കുന്നു.

ടെലിഫോൺ, മൊബൈൽ ബന്ധങ്ങളെല്ലാം എന്നിൽ നിന്ന് മാറ്റപ്പെട്ടിരിക്കുന്നു. എന്റെ ഭാര്യ വദനി മകൻ ഡോ. സാം എന്നിവരാണ് 98 94 26 13 33 എന്ന നമ്പരിലേക്കു വരുന്ന മെസേജുകൾക്കു മറുപടി നല്കി വരുന്നത്. കൃപയാൽ, എത്രയും വേഗം ഞാൻ സൗഖ്യമാകുമെന്നും നിങ്ങളോട് സംസാരിക്കാൻ കഴിയുമെന്നും കർത്താവിൽ വിശ്വസിക്കുന്നു.

എന്റെ വൈദ്യശുശ്രൂഷകൾക്കായി കൂട്ടായ്മ നല്കിയ ഓരോരുത്തർക്കും നന്ദി. ജാമക്കാരൻ മാസിക മുടക്കം കൂടാതെ പ്രസിദ്ധീകരിക്കേണ്ടതിന് കൂട്ടായ്മകൾ തുടർച്ചയായും ഇടയ്ക്കിടക്കും അയച്ചു സഹായിക്കുന്ന ഏവർക്കും നന്ദി. ദൈവനാമത്തിന് മഹത്വം ഉണ്ടാകട്ടെ.

കഴിഞ്ഞ സെപ്റ്റംബർ ലക്കത്തിൽ – “അഹരോനെപ്പോലുള്ള: ആസ്ഥാനം / ബഹുമതി / വേല / ബഹുമാനം” എന്ന ലേഖനം വായിച്ച് പലരും പല വിധത്തിലുള്ള അഭിപ്രായങ്ങൾ മുന്നോട്ടു വച്ചിരിക്കുന്നു. മക്കളെക്കൊണ്ട് സാക്ഷ്യം നഷ്ടപ്പെട്ട്, തന്മൂലം സാമ്പത്തിക ഞെരുക്കത്തിലും കടഭാരത്തിലും ആയിരിക്കുന്ന ബിഷപ്പുമാരെക്കുറിച്ച് അറിഞ്ഞ് വായനക്കാർ ഞെട്ടുകയും സഹതപിക്കുകയും വേദനപ്പെടുകയും ചെയ്തിരിക്കുന്നു.

ഒരു റിട്ടയർഡ് അച്ചൻ ഇങ്ങനെ എഴുതുന്നു: “ഞങ്ങളുടെ സഭയിൽ മാത്രമല്ല മറ്റ് സഭകളിലും (***Denominations***) നടക്കുന്ന അന്യായങ്ങളും അതിക്രമങ്ങളും നന്നായി അറിയാം. എന്തു ചെയ്യാം? എന്തെങ്കിലും ചെയ്യാനാകുമെന്ന് കരുതുന്നില്ല. തെറ്റുകൾ ചെയ്യുന്ന സഭാനേതാക്കന്മാർ തെറ്റുകളിൽ തുടരുന്നു; മനസ്സ് കഠിനപ്പെടുത്തി തെറ്റുകൾ ചെയ്തുകൊണ്ടേയിരിക്കുന്നു. ഇങ്ങനെ സാക്ഷ്യമില്ലാതെ ദൈവവേലയെ ചെയ്യുന്ന നേതാക്കന്മാർക്ക് അങ്ങയോട് വെറുപ്പും കോപവും ഉണ്ടാകും. ഞങ്ങൾക്കു ഒരിക്കലും ഉണ്ടാകില്ല. രണ്ടു മൂന്ന് തലമുറകളായി ജാമക്കാരൻ വായിക്കുന്ന ഞങ്ങൾക്ക് ഇക്കാര്യങ്ങൾ പുതിയ അറിവല്ലെങ്കിലും പലർക്കും ഇത് പുതിയ അറിവായിരിക്കും. ഞങ്ങൾ ശുശ്രൂഷയിൽ ആയിരിക്കുമ്പോൾ അവരെ ചോദ്യം ചെയ്യാനോ അവർക്കെതിരെ ഒരു വാക്കു മിണ്ടുവാനോ കഴിയില്ല. അങ്ങനെ എന്തെങ്കിലും ഒന്ന് പറഞ്ഞാൽ അത് നുണയായി സഭാനേതാവിന്റെ കാതിൽ എത്തുകയും പ്രതികാര നടപടി തുടങ്ങുകയും ചെയ്യും. പിന്നെ മറ്റൊരു ബിഷപ്പ് സ്ഥാനമേറ്റെടുത്താൽ മാത്രമെ ആ ശുശ്രൂഷകന് സ്വസ്ഥതയും സമാധാനവും ഉണ്ടാകൂ. അതുകൊണ്ട് ഭൂരിപക്ഷം ശുശ്രൂഷകരും നിശ്ശബ്ദരായി, മിണ്ടാപ്രാണികളായി കാലം തള്ളി നീക്കും”. ഇത്തരത്തിൽ വേദന നിറഞ്ഞ പല കത്തുകൾ വന്നിരിക്കുന്നു. ദൈവം തന്നെ നിങ്ങൾക്കു സമാധാനവും ആശ്വാസവും നല്കട്ടെ! കൊറോണ മൂലം കഴിഞ്ഞ 9 മാസമായി നാം മുഖം കാണാതെ കഴിഞ്ഞു. ഇനി എന്ന് തമ്മിൽ കാണും എന്ന് പറയാറായിട്ടില്ല. പ്രാർത്ഥിക്കുക. പ്രാർത്ഥിക്കുന്നു.

കർത്തൃശുശ്രൂഷയിൽ

**ഡോ. പുഷ്പരാജ്**

# കൊറോണാ അന്ത്യകാലത്തിന്റെ അടയാളമാണോ?

ഡോ. എം.എസ്. വസന്തകുമാർ

ഇടയ്ക്കൊക്കെ നാം ഉപയോഗിക്കുന്ന പഴഞ്ചൊല്ലാണ് "**പാമ്പെന്നാൽ പടയും നടുങ്ങും**" എന്നാൽ ഇന്ന് കൊറോണാ എന്നാൽ പട മാത്രമല്ല **ലോകം മുഴുവനും** പേടിച്ചു വിറയ്ക്കുന്നു. **കൊറോണാ വൈറസ്** ക്രിസ്ത്യാനികളേയും വെറുതെ വിട്ടില്ല. കോവിഡ് 19 രോഗം ബാധിച്ച് മരിച്ചവർ, പാപം ചെയ്ത് **ദൈവകോപത്തിന്** ഇരയായവർ എന്ന് ചില ജീവനോടെ ഇരിക്കുന്ന ക്രിസ്ത്യാനികൾ വിചാരിക്കുന്നു. ഇതിനാൽ ചിലരുടെ വിശ്വാസം കൂടെ നഷ്ടപ്പെടുന്നു. അതുകൊണ്ട് ഇപ്പോൾ ക്രിസ്ത്യാനികളുടെ ഇടയിൽ കാണപ്പെടുന്ന തെറ്റായ അഭിപ്രായങ്ങളേയും, യാഥാർത്ഥ്യമായ കാരണങ്ങളേയും ദൈവം നമുക്ക് കാണിച്ചു തരുന്ന അഥവാ ദൈവം നമ്മെ **പഠിപ്പിക്കുന്ന** വിഷയങ്ങളേയും വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ഗവേഷണം ചെയ്തു നോക്കാം.

കൊറോണാ **അന്ത്യകാലത്തിന്റെ** അടയാളം എന്ന് ഇപ്പോഴുള്ള ചില ക്രിസ്ത്യാനികൾ പൊതുവായി ചിന്തിക്കുന്നു. ഇതുകൊണ്ട് കൊറോണയോടെ **അന്ത്യകാലവും** വന്നു എന്നും ഇതോടെ **ലോകം അവസാനിക്കും** എന്നും ഇപ്പോഴുള്ള ക്രിസ്ത്യാനികൾ പ്രസംഗിക്കാൻ തുടങ്ങിക്കഴിഞ്ഞു. ഇതുപോലെ തന്നെ ഇതിനുമുമ്പും **യുദ്ധങ്ങൾ, പ്രകൃതി ദുരന്തങ്ങൾ,** മനുഷ്യനെ മരണത്തിലേക്ക് നയിക്കുന്ന മഹാമാരി സംഭവിച്ച കാലങ്ങളിലും ഒരുവിഭാഗം ക്രിസ്ത്യാനികൾ ഇങ്ങനെ തന്നെ പ്രസംഗിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന **അന്ത്യകാലത്തിനും, ലോകാവസാനത്തിനും** ഇടയിലുള്ള വ്യത്യാസത്തെ മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ട് ലോകത്തിൽ എന്തെങ്കിലും ഒരു ദുരന്തം ഉണ്ടായാൽ,

അല്ലെങ്കിൽ നാശനഷ്ടങ്ങൾ ഉണ്ടായാൽ ഉടനെ **അന്ത്യകാലം വന്നു** എന്നു പറഞ്ഞു കലങ്ങിപ്പോകുന്നു.

എന്നാൽ വേദപസ്തകത്തിലെ സത്യത്തിൻപ്രകാരം **യേശുക്രിസ്തുവിന്റെ** രണ്ട് വരവിന്റെ **ഇടയിലുള്ള കാലമാണ്** അന്ത്യകാലം. അതോടുകൂടെ ലോകത്തിൽ നിന്നും **സഭ മാറ്റപ്പെടുന്നതിന് ശേഷം** ഉണ്ടാകുന്ന അന്തിക്രിസ്തുവിന്റെ **7 വർഷത്തെ ഭരണകാലമാണ് ലോകത്തിന്റെ അന്ത്യകാലം**. മത്തായി 24–ാം അദ്ധ്യായത്തിൽ ഈ **അന്ത്യകാലത്തെപ്പറ്റി** ശിഷ്യന്മാരുടെ ചോദ്യത്തിനുള്ള ഉത്തരമായി യേശുക്രിസ്തു പറയുന്നത് (മത്താ. 24:3) ഇതുകൊണ്ടാണ് എ.ഡി. ആദ്യനൂറ്റാണ്ടിൽ **പുതിയനിയമപുസ്തകം** എഴുതിയവർ തങ്ങൾ അന്ത്യകാലത്തിൽ ജീവിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അന്ത്യകാലത്തിൽ വരുന്ന മശിഹായായി പഴയനിയമത്തിൽ വാഗ്ദത്തം ചെയ്യപ്പെട്ട യേശുക്രിസ്തു മശിഹാ ആയി വന്നതുകൊണ്ട് യേശുക്രിസ്തുവിന്റെ ആദ്യത്തെ വരവോടുകൂടെ അന്ത്യകാലവും തുടങ്ങിയതിനെ അവർ അറിഞ്ഞിരുന്നു.

യേശുക്രിസ്തുവിന്റെ **ആദ്യത്തെ വരവോടെ അന്ത്യകാലം** തുടങ്ങിയതുകൊണ്ട് അവൻ ലോകസ്ഥാപനത്തിന് മുമ്പേ മുന്നറിയപ്പെട്ടവനും അവൻ മുഖാന്തരം ദൈവത്തിൽ വിശ്വസിക്കുന്ന നിങ്ങൾ നിമിത്തം **ഈ അന്ത്യകാലത്ത് വെളിപ്പെട്ടവനും ആകുന്നു** (1 പത്രോ. 1:20) എന്ന് പത്രോസ് രേഖപ്പെടുത്തിയിരിക്കുന്നു. ഈ വചനപ്രകാരം **യേശുക്രിസ്തുവിന്റെ** ആദ്യത്തെ വരവാണ് **അന്ത്യകാലത്തിന് തുടക്കമായിട്ടുള്ളത്**. ഇതുപോലെ തന്നെ എബ്രായ ലേഖനത്തിലും യേശുക്രിസ്തു മുഖാന്തരം ദൈവം മനുഷ്യനോട് ഇടപെട്ടതിനെക്കുറിച്ച് പറയുമ്പോൾ **ഈ അന്ത്യകാലത്ത്** പുത്രൻ മുഖാന്തരം നമ്മോട് അരുളി ചെയ്തിരിക്കുന്നു (എബ്രാ. 1:2) എന്നും യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തെക്കുറിച്ച് വിവരിക്കുമ്പോൾ അവൻ **ലോകാവസാനത്തിൽ** സ്വന്തയാഗം കൊണ്ട് പാപപരിഹാരം വരുത്തുവാൻ

ഒരിക്കൽ പ്രത്യക്ഷനായി (എബ്രാ. 9:26) എന്നും രേഖപ്പെടുത്തിയിരിക്കുന്നു. സത്യത്തിൽ ഈ വചനത്തിൽ അന്ത്യകാലം ആരംഭിച്ചതിനെക്കുറിച്ച് വിവരിക്കുന്നു. എന്നാലും ഇവ യേശുക്രിസ്തുവിന്റെ ആദ്യവരവിനെക്കുറിച്ചുള്ള രേഖയായതുകൊണ്ട് **അന്ത്യകാലം** യേശുക്രിസ്തുവിന്റെ ആദ്യവരവിൽ തന്നെ ആരംഭമായി കഴിഞ്ഞു എന്നു നമുക്ക് മനസ്സിലാക്കാം. ഇതുകൊണ്ടാണ് പെന്തക്കോസ്തു നാളിൽ പരിശുദ്ധാത്മാവിനെ നല്കപ്പെട്ടത്. **അന്ത്യകാലത്ത്** സംഭവിക്കുന്ന കാര്യമായി പത്രോസ് ഇതിനെ വിവരിക്കുന്നു (അപ്പോസ്തല പ്രവർത്തി 2:17). ഇതുപോലെ തന്നെ അപ്പോസ്തലൻമാരായ യോഹന്നാനും യാക്കോബും തങ്ങൾ ജീവിച്ചിരുന്ന കാലത്തിലുള്ള ജനങ്ങൾക്ക് എഴുതിയ ലേഖനങ്ങളിൽ കുഞ്ഞുങ്ങളേ **ഇത് അന്ത്യനാഴികയാകുന്നു** (1 യോഹ. 2:18) എന്നും **അന്ത്യകാലത്ത്** നിങ്ങൾ നിക്ഷേപങ്ങളെ ശേഖരിച്ചിരിക്കുന്നു (യാക്കോ. 5:3) എന്നും പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഇപ്പോൾ **കൊറോണാ** എന്ന ക്രൂരമായ വൈറസ് **അന്ത്യകാലത്തിന്റെ** അടയാളം എന്നു പറയുന്നത് വേദപുസ്തക സത്യത്തിന് **വിരുദ്ധമായ ഉപദേശ**മായി കാണുന്നത്.

## ലോകാവസാനത്തിന്റെ അടയാളങ്ങൾ എപ്പോൾ ഉണ്ടാകും?

**കൊറോണാ** എന്ന ഭയങ്കര വൈറസ് **അന്ത്യകാലത്തിന്റെ അടയാളമല്ല** എന്നാൽ **ലോകാവസാനത്തിനെ**ക്കുറിച്ചുള്ള യേശുക്രിസ്തുവിന്റെ ഉപദേശങ്ങളിലും വെളിപ്പാട് പുസ്തകത്തിൽ മുന്നറിയിച്ചിട്ടുള്ള ബാധകളും, മഹാമാരികളും എപ്പോൾ വരും എന്ന് ക്രിസ്ത്യാനികൾ ചോദിക്കുന്നത് സാധാരണമാണ്. ഇതിന് കാരണം ഇവർ ഭൂരിപക്ഷവും യേശുക്രിസ്തുവിന്റെ **രണ്ടാം വരവ് രണ്ട് കാലഘട്ടങ്ങളിലായി സംഭവിക്കും** എന്നതിനെക്കുറിച്ച് അറിയാത്തവരായി അല്ലെങ്കിൽ അതിനെ സ്വീകരിക്കാത്തവരായി അഥവ ഇത് മനസ്സിലാക്കത്തവരായി കുറിപ്പിട്ട ഈ പ്രവചനങ്ങളെ വ്യാഖ്യാനിക്കുന്നതുകൊണ്ടാണ്. എന്നാൽ വേദപുസ്തക അടിസ്ഥാനത്തിൽ യേശുക്രിസ്തുവിന്റെ **രണ്ടാം വരവ് രണ്ട് ഘട്ടമായി** സംഭവിക്കുന്നു.

അതായത് **ആദ്യഘട്ടത്തിൽ** ലോകത്തിൽ ഉള്ള **തന്റെ സഭയെ** എടുത്തുകൊൾവാനായി യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി ആകാശത്തിലേക്ക് വരും. അപ്പോൾ യേശുക്രിസ്തുവിൽ മരിച്ചവർ ഉയർത്തെഴുന്നേൽക്കും (1 തെസ്സ. 4:16, 17). എന്നാൽ അതിന് ശേഷം **7 വർഷങ്ങൾ അന്തിക്രിസ്തുവിന്റെ** ലോകം മുഴുവനുമുള്ള ഭരണം, അതിന്റെ അവസാനം **തന്നോടുകൂടെയുള്ള സഭയോട്** കൂടെ പ്രത്യക്ഷമായി യേശുക്രിസ്തു ഈ ലോത്തിലേക്ക് വരും (യൂദാ. 1:14, 15). അന്തിക്രിസ്തുവിന്റെ രാജ്യത്തെ മുഴുവനും നീക്കിയതിന് ശേഷം യേശുക്രിസ്തു തന്റെ **1000 വർഷത്തെ ഭരണം** തുടങ്ങും (വെളി. 11:15). ഇതിൽ ആദ്യത്തേത് **രഹസ്യവരവെന്നും** രണ്ടാമത്തതിനെ **പരസ്യമായ വരവെന്നും** ക്രിസ്ത്യാനികൾ വിളിക്കുന്നു. അതോടുകൂടെ യേശുക്രിസ്തുവിന്റെ രഹസ്യവരവ് ആർക്കും അറിയാത്ത വിധത്തിൽ കള്ളൻ വരുന്നതുപോലെ ഉണ്ടാകും എന്നും (ലൂക്കാ. 12 : 39, 40). പരസ്യമായ വരവിനെ എല്ലാവരും കാണത്തക്കവിധത്തിൽ ഉണ്ടാകും എന്നും (വെളി. 1:8) വേദപുസ്തകം പറയുന്നു. യേശുക്രിസ്തുവിന്റെ **രണ്ടാം വരവ്** രണ്ട് ഘട്ടങ്ങളിലായി സംഭവിക്കുന്നതുകൊണ്ട്, യേശുക്രിസ്തുവിന്റെ വരവിനെക്കുറിച്ചുള്ള പ്രവചനങ്ങളിൽ **ഏതൊക്കെ** യേശുക്രിസ്തുവിന്റെ രഹസ്യവരവിൽ നടക്കും എന്നതിനെക്കുറിച്ചും; **ഏതൊക്കെ** പ്രത്യക്ഷ വരവിന് മുമ്പ് സംഭവിക്കും എന്നതിനെക്കുറിച്ച് ഭൂരിപക്ഷം ക്രിസ്ത്യാനികൾ **വ്യത്യാസമായി കാണുന്നില്ല**. ഇതുകൊണ്ടാണ് **പരസ്യവരവിന്** മുമ്പ് സംഭവിക്കാൻ പോകുന്നതിനെക്കുറിച്ച് മുന്നറിയിച്ചിരിക്കുന്ന കാര്യങ്ങളെ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതായി ക്രിസ്ത്യാനികൾ തെറ്റായി അഭിപ്രായപ്പെടുന്നു. സത്യത്തിൽ യേശുക്രിസ്തുവിന്റെ **രഹസ്യവരവ്** ആരും പ്രതീക്ഷിക്കാത്ത നേരത്ത് പെട്ടെന്ന് സംഭവിക്കുന്നതുകൊണ്ട് അത് **കള്ളൻ വരുന്നതുപോലെ** എന്ന് വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (മത്തായി 24:42-44). എന്നാൽ രഹസ്യവരവിന്റെ **അടയാളങ്ങൾ** നല്കപ്പെട്ടിട്ടില്ല. എന്തെന്നാൽ **അടയാളങ്ങൾ** നല്കിയിരുന്നാൽ **രഹസ്യവരവ്**

ആരും പ്രതീക്ഷിക്കാത്ത നേരത്ത് നടക്കുന്ന സംഭവമായിരിക്കില്ലല്ലോ! അതുമാത്രമല്ല അടയാളങ്ങൾ വച്ച് എളുപ്പത്തിൽ വരവിന്റെ കാലത്തെക്കുറിച്ച് അറിയാൻ കഴിയും. അതുകൊണ്ടാണ് യേശുക്രിസ്തുവിന്റെ പരസ്യമായ രണ്ടാം വരവിനെ അടയാളങ്ങളായി വേദപുസ്തകത്തിൽ മുൻകൂട്ടി പറഞ്ഞിരിക്കുന്നത്. ഇതൊക്കെ യേശുക്രിസ്തുവിന്റെ **പരസ്യവരവിന്റെ** അടയാളമായിട്ടാണ് കാണുന്നത്. എന്നാൽ എ.ഡി. 70-ാം വർഷം മുതൽ ലോകത്തിൽ ഇല്ലാതിരുന്ന **യിസ്രയേൽ** എന്ന രാജ്യം **വീണ്ടും** 1948 -ാം വർഷം **ഉണ്ടായത്** തന്റെ പരസ്യവരവിന്റെ കാലത്ത് സംഭവിക്കുന്ന **ഒരു അടയാളമായി** യേശു മുൻകൂട്ടി പറഞ്ഞിരിക്കുന്നതുകൊണ്ട് (മത്താ. 24:32,33). **അവന്റെ വരവ് സമീപമായിരിക്കുന്നു** എന്ന് ഇപ്പോൾ മനസ്സിലാക്കാൻ കഴിയും. എന്നാൽ **ലോകത്തിൽ നിന്ന് സഭ എപ്പോൾ എടുക്കപ്പെടും എന്ന് നമുക്ക് അറിയില്ല**. എന്തുകൊണ്ടെന്നാൽ ഇത നമുക്ക് അറിയിക്കുന്നത് ദൈവഹിതമല്ല. അതുകൊണ്ടാണ് മനുഷ്യപുത്രൻ വരുന്ന നാളും, നാഴികയും നിങ്ങൾ അറിയായ്ക കൊണ്ട് ഉണർന്നിരിപ്പിൻ (മത്താ. 25:13) എന്ന് യേശു പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഇപ്പോൾ വന്നിട്ടുള്ള കൊറോണ വൈറസിന്റെ ബാധകളെ വച്ച് ആ ദിവസത്തെ കണക്കാക്കാൻ പറ്റില്ല.

യേശുക്രിസ്തു തന്റെ സഭയെ ചേർപ്പാനായി എപ്പോൾ വരും എന്നതിനെക്കുറിച്ച് നമുക്ക് അറിയിക്കുന്നത് ദൈവഹിതമല്ല എന്നതുകൊണ്ട് **അവൻ മാനുഷിക നിയമങ്ങൾക്ക് കീഴടങ്ങി മനുഷ്യനായി ഈ ലോകത്തിൽ ജീവിച്ചിരുന്ന കാലത്തിൽ യേശുവിനും ആ ദിവസത്തെക്കുറിച്ച് അറിയില്ലായിരുന്നു**. എന്നാൽ അവൻ മരിച്ച് ഉയർത്തെഴുന്നേറ്റ് തേജസ്സ്ക്കരിക്കപ്പെട്ടതിന് ശേഷവും ആ ദിവസത്തെക്കുറിച്ച് അറിഞ്ഞിരുന്നെങ്കിലും അത് നമുക്ക് വെളിപ്പെടുത്തുന്നത് ദൈവഹിതമല്ല എന്നതുകൊണ്ടാണ് **പിതാവ് തന്റെ സ്വന്ത അധികാരത്തിൽ വച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നത് നിങ്ങൾക്കുള്ളതല്ല** (അപ്പോസ്തല പ്രവർത്തി 1:7) എന്നു യേശു പറഞ്ഞത്. അതുകൊണ്ട് ആ കാലങ്ങളെക്കുറിച്ച് യേശുവിനറിയില്ല എന്ന് നാം കരുതരുത്.

എന്തുകൊണ്ടെന്നാൽ ആ കാലം **എനിക്കറിയില്ല** എന്ന് യേശു പറഞ്ഞിട്ടില്ല. ആ കാലങ്ങളെക്കുറിച്ച് **നിങ്ങൾ അറിയേണ്ട ആവശ്യമില്ല** എന്നു മാത്രമാണ് യേശു പറഞ്ഞത്. എന്നാലും യേശുക്രിസ്തുവിന്റെ മറുപടി കഠിനമായിരുന്നു. എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് ഉള്ളതല്ല എന്ന വാക്കിന്റെ പ്രയോഗം അത് **നിങ്ങൾക്ക് ഉള്ള ജോലിയല്ല എന്നു** പറഞ്ഞതായി കാണപ്പെടുന്നു.

എന്തെന്നാൽ ലോകചരിത്രത്തിന് ദൈവം വച്ചിട്ടുള്ള **കാലങ്ങളും, സമയങ്ങളും** ആരാഞ്ഞറിയുന്നത്. നമുക്ക് ദൈവം തന്ന ജോലിയല്ല. ഇതിനാൽ ഇപ്പോഴുള്ള ലോകത്തിന്റെ ഭരണകാലത്തിന്റെയും യേശുക്രിസ്തുവിന്റെ **വരവിന്റേയും** സമയത്തെക്കുറിച്ച് **അത് പ്രവചനമായി** അറിയിക്കുന്നത് നാം ചെയ്യേണ്ട കാര്യമല്ല. എന്തുകൊണ്ടെന്നാൽ യേശുക്രിസ്തുവിന്റെ വരവ് ആർക്കും അറിയാത്ത് ദൈവീക രഹസ്യമായി വച്ചിരിക്കുന്നു (മർക്കോ. 13:32). ഇതുകൊണ്ടാണ് **യേശുക്രിസ്തുവിന്റെ വരവിനും, ലോകാവസാന സംഭവങ്ങൾക്കും സമയത്തെക്കുറിച്ച് അറിയിച്ചിട്ടുള്ള പ്രവചനങ്ങളിൽ ഒന്നുപോലും ഇതുവരെ നിറവേറിയിട്ടില്ല**. അതുകൊണ്ട് യേശുക്രിസ്തു വീണ്ടും വരുന്ന ദിവസത്തെക്കുറിച്ച് ദൈവത്തിന് പദ്ധതി ഉണ്ടെങ്കിലും അത് നമ്മെ അറിയിക്കുന്നത് ദൈവഹിതമല്ല എന്നതുകൊണ്ട് **ദൈവം രഹസ്യമായി വച്ചിരിക്കുന്ന കാലത്തെ** നാം ഊഹിക്കാനോ അല്ലെങ്കിൽ **കൊറോണാ വൈറസ് വന്നതുകൊണ്ട്** ആ കാലം ഇപ്പോൾ വന്നു കഴിഞ്ഞു എന്ന് **പറയാനോ പാടില്ല**. **എന്തുകൊണ്ടെന്നാൽ യേശുക്രിസ്തു എപ്പോൾ വരും എന്ന് അറിയുന്നതല്ല**. മറിച്ച് അവൻ എപ്പോൾ വന്നാലും അവന്റെ വരവിന് നാം **ഒരുങ്ങി ഇരിക്കണം** എന്നാണ് യേശു നമ്മിലൂടെ **പ്രതീക്ഷിക്കുന്നത്**.

യേശുക്രിസ്തുവിന്റെ രണ്ടാം വരവിന്റെ അടയാളമായി **ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ള നാശനഷ്ടങ്ങൾ ലോകത്തിൽ നിന്ന് സഭ മാറ്റപ്പെട്ടതിന് ശേഷം** അന്തിക്രിസ്തുവിന്റെ **ഭരണകാലത്തിലാണ് സംഭവിക്കുന്നത്**. എന്തെന്നാൽ യേശുക്രിസ്തു മത്താ. 24–ാം അദ്ധ്യായം 4

മുതൽ 36 വരെ **ലോകത്തിന്റെ അന്ത്യത്തിൽ** യേശുക്രിസ്തുവിന്റെ **പരസ്യവരവിന് മുമ്പ് സംഭവിക്കുന്ന കാര്യങ്ങളെ**ക്കുറിച്ച് മുന്നറിയിപ്പ് നല്കിയിരിക്കുന്നു. ഇതുകൊണ്ടാണ് ഈ വചനങ്ങളുടെ അവസാനഭാഗത്ത് അതായത് 30-ാം വാക്യത്തിൽ അപ്പോൾ **മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും**; അന്ന് ഭൂമിയിലെ സകല ഗോത്രങ്ങളും വിലപിച്ചുംകൊണ്ട് **മനുഷ്യപുത്രൻ** ആകാശമേഘങ്ങളിൽ മഹാശക്തിയോടും തേജസോടും കൂടെ വരുന്നതു കാണും. ഈ വചനപ്രകാരം **യേശുക്രിസ്തുവിന്റെ വരവ് ഭൂമിയിലുള്ള സകല ഗോത്രങ്ങളും കാണുന്ന വിധത്തിലായിരിക്കും** എന്നതുകൊണ്ട് ഇത് ലോകത്തിൽ നിന്നും സഭ മാറ്റപ്പെടുന്നതിനെക്കുറിച്ചുള്ള **മുന്നറിയിപ്പല്ല**. അവന്റെ പരസ്യവരവിനെ കുറിച്ചുള്ള **പ്രവചനം മാത്രമാണ്**. ഇതുകൊണ്ടാണ് ഇവയെ **ശൂന്യമാക്കുന്ന മ്ലേച്ഛതയായി** ദാനിയേലിനെ കൊണ്ട് മുന്നറിയിപ്പു നല്കിയ **അന്തിക്രിസ്തു വിശുദ്ധസ്ഥലത്ത്** ഇരിക്കുമ്പോൾ സംഭവിക്കും എന്നും ആ സമയം യഹൂദയിലുള്ളവർ എന്തു ചെയ്യണമെന്നും യേശുക്രിസ്തു അറിയിക്കുന്നു. അതായത് **അന്തിക്രിസ്തു** വിശുദ്ധസ്ഥലത്ത് വരുമ്പോൾ യഹൂദയിലുള്ളവർ മലയിലേക്ക് ഓടിപ്പോകുവാനായി യേശു പറഞ്ഞതുകൊണ്ട് ഇത് ലോകമെങ്ങും ഉള്ള സഭയ്ക്ക് ഉള്ള ആലോചനയായല്ല. ശൂന്യമാക്കുന്ന മ്ലേച്ഛത **യരുശലേം ദേവാലയത്തിൽ** ഇരിക്കുന്ന കാലത്ത് **ആ നഗത്തിൽ ജീവിക്കുന്ന ജനങ്ങൾക്കുള്ള** പ്രത്യേക അറിയിപ്പായിട്ടാണ് ഉള്ളത് (മത്താ. 24:15, 16). അതോടുകൂടെ ശൂന്യമാക്കുന്ന മ്ലേച്ഛതയെക്കുറിച്ച് യേശുക്രിസ്തു പറയുന്ന ഈ വിഷയം എതിർക്രിസ്തുവിന്റെ വാഴ്ചയുടെ മദ്ധ്യപകുതിയിൽ സംഭവിക്കും. അതുകൊണ്ട് മത്താ. 24-ാം അദ്ധ്യായത്തിൽ **അന്ത്യകാലത്ത്** സഭയ്ക്ക് എന്ത് സംഭവിക്കും എന്നതിനെക്കുറിച്ചല്ല മറിച്ച് **ലോകത്തിൽ നിന്നും സഭ മാറ്റപ്പെട്ടതിന് ശേഷം സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ചാണ് യേശുക്രിസ്തു മുന്നറിയിച്ചിരിക്കുന്നത്**.

ലോകാവസാനത്തിന്റെ സംഭവങ്ങളെ മുൻകൂട്ടി അറിയിച്ചിരിക്കുന്ന വെളിപാട് പുസ്തകത്തിൽ 4, 5 അദ്ധ്യായങ്ങളിൽ ലോകത്തിൽ നിന്നും സഭ

എടുക്കപ്പെട്ട് സ്വർഗ്ഗത്തിൽ ഇരിക്കുന്നത് കാണിച്ചതിന് ശേഷമാണ് 6 – 18 അദ്ധ്യായം വരെ **എതിർക്രിസ്തുവിന്റെ** വാഴ്ചയുടെ കാലത്തിന്റെ ദർശനങ്ങളിൽ യേശുക്രിസ്തുവിന്റെ **പരസ്യ വരവിനായുള്ള** അടയാളങ്ങളായി മത്തായി 24–ാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ **നിറവേറുന്ന കാഴ്ചകൾ** കാണിച്ചിരിക്കുന്നു. ഇതുകൊണ്ടാണ് വെളിപാട് പുസ്തകത്തിൽ ആദ്യത്തെ മൂന്ന് അദ്ധ്യായങ്ങളിലും ഇടയ്ക്ക് ഇടയ്ക്ക് കാണപ്പെടുന്ന സഭ എന്ന വാക്ക് 4–ാം അദ്ധ്യായത്തിന് ശേഷം **അവസാനത്തെ അദ്ധ്യായം വരെ സഭ എന്ന വാക്ക് ഇടം പിടിച്ചിട്ടില്ല**. എന്തെന്നാൽ 4–ാം അദ്ധ്യായത്തിന് ശേഷം മുന്നറിയിക്കപ്പെട്ട കാര്യങ്ങൾ സംഭവിക്കുമ്പോൾ ലോകത്തിൽ **സഭ ഒന്നും തന്നെ ഉണ്ടാവുകയില്ല**. ഇതുകൊണ്ടാണ് 3–ാം അദ്ധ്യായം വരെ **സഭകളെക്കുറിച്ചുള്ള** ദർശനങ്ങളേയും, **സഭകളെക്കുറിച്ചുള്ള** വാർത്തകളേയും യോഹന്നാനെ അറിയിച്ച യേശുക്രിസ്തു 4–ാം അദ്ധ്യായത്തിന്റെ തുടക്കത്തിൽ ഇവിടെ കയറി **മേലാൽ സംഭവിപ്പാനുള്ളത്** ഞാൻ നിനക്ക് കാണിച്ചു തരാം എന്നു പറഞ്ഞു (വെളി. 4:1). ഈ വചനത്തിൽ മേലാൽ സംഭവിപ്പാനുള്ളത് എന്ന വാക്കിന്റെ പ്രയോഗം മൂലഭാഷയുടെ വ്യാകരണത്തിൽ **സഭയ്ക്ക് ശേഷം** എന്ന **അർത്ഥത്തിലാണ്** പ്രയോഗിച്ചിരിക്കുന്നത്.

അതോടുകൂടെ വെളിപാട് പുസ്തകത്തെ മൂന്നു ഭാഗങ്ങളായി പിരിച്ചു കാണിക്കുന്നു. ആദ്യത്തെ അദ്ധ്യായം 19–ാം വാക്യത്തിൽ നീ കണ്ടതും അത് ഒന്നാം ഭാഗം. രണ്ടാം ഭാഗം ഇപ്പോൾ ഉള്ളതും മൂന്നാമത് ഭാഗം ഇനി സംഭവിപ്പാനുള്ളതും. ആദ്യത്തെ ഭാഗം നീ കണ്ടതിനെക്കുറിച്ച് ആദ്യത്തെ അദ്ധ്യായത്തിൽ യോഹന്നാൻ കണ്ട ദർശനത്തിലും രണ്ടാമത്തെ ഭാഗം ഇപ്പോൾ ഉള്ളതിനെക്കുറിച്ച് **രണ്ടും മൂന്നും അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ലോകത്തിലുള്ള സഭകളെക്കുറിച്ചും** മൂന്നാം ഭാഗമായ **ഇവയ്ക്ക് ശേഷം സംഭവിപ്പാനുള്ളത് സഭകൾക്ക് ശേഷം** സംഭവിക്കുന്നതിനെ അതായത് ലോകത്തിൽ നിന്നും സഭ മാറ്റപ്പെട്ടശേഷം സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ചാണ് കാണിക്കുന്നത്. ഇതിൻപ്രകാരം 4–ാം

അദ്ധ്യായത്തിന് ശേഷം **സഭ ലോകത്തിൽ ഉണ്ടാവുകയില്ല** എന്നതിനെക്കുറിച്ച് നമുക്ക് അറിയാൻ സാധിക്കും.

മത്തായി 24–ാം അദ്ധ്യായത്തിലും വെളി. 6–19 അദ്ധ്യായങ്ങളിലും മുന്നറിയിച്ചിട്ടുള്ള അനർത്ഥങ്ങളും നാശങ്ങളും ലോകത്തിൽ സംഭവിക്കുന്നതിന് മുമ്പ് സഭ ലോകത്തിൽ നിന്നും മാറ്റപ്പെടും എന്നതുകൊണ്ടാണ് സഹിഷ്ണുതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തു കൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിന് **ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാ കാലത്ത് ഞാനും നിന്നെ കാക്കും** (വെളി. 3:10) എന്ന വാഗ്ദത്തം **സഭക്ക് നല്കിയിരിക്കുന്നു**. സഭ യേശുക്രിസ്തുവിന്റെ ശരീരമായി (1 കൊരി. 12 : 27, എഫെ. 1:23, 5:30 റോമ. 12 : 15, കൊലോ. 1 : 18) രിക്കുന്നതുകൊണ്ട് ലോകത്തിന്റെ അവസാനത്തിൽ എതിർക്രിസ്തുവിന്റെ വാഴ്ചയിൽ ലോകം മുഴുവനും ഒരേ സമയത്ത് ബാധിക്കുന്ന നാശങ്ങൾക്ക് സഭ ഉൾപ്പെടുന്നില്ല. എന്തെന്നാൽ ദൈവം നമ്മെ **കോപത്തിനല്ല** നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം **രക്ഷ പ്രാപിപ്പാനത്രെ** നിയമിച്ചിരിക്കുന്നത് (1 തെസ. 5 : 9, 10). ഇത് ശരിയായ വിധത്തിൽ മനസ്സിലാക്കിയ തെസ്സലോനിക്കസഭാ വിശ്വാസികൾ പലവിധത്തിലുള്ള ഉപദ്രവങ്ങളിലൂടെ കടന്നു പോയിരുന്നാലും ഇനി വരുന്ന **കോപാഗ്നിയിൽ** നിന്നും നമ്മെ വിടുവിച്ച് രക്ഷിക്കുന്നവനായ യേശുക്രിസ്തു സ്വർലോകത്തിൽ നിന്നും വരുന്നത് ആകാംഷയോടെ കാത്തിരുന്നു. അതുകൊണ്ട് ക്രിസ്ത്യാനികളായ നാം യേശുക്രിസ്തുവിന്റെ **പരസ്യവരവിനായുള്ള അടയാളങ്ങളെ ആരാഞ്ഞു നോക്കുന്നവരായിട്ടല്ല, ലോകത്തിൽ നിന്നും നാം എടുത്തുകൊള്ളപ്പെടുന്ന ആനന്ദമായ ദിവസത്തെ വളരെ ആകാംഷയോടെ** വരവേൽക്കാനായി ഒരുക്കത്തോടെ ജീവിക്കണം. എന്തെന്നാൽ യഥാർത്ഥ ക്രിസ്ത്യാനികൾ **കോപകലശത്തെ അല്ല നീതിയിൽ കിരീടത്തെ** പ്രാപിപ്പാനായി പ്രത്യാശയോടെ കാത്തിരിക്കുന്നവരാണ് (2 തിമൊ. 4:8).

# ലോകാവസാന കാലത്തിന്റെ അടയാളങ്ങൾ എങ്ങനെയായിരിക്കും

**എതിർക്രിസ്തുവിന്റെ** വാഴ്ചയിൽ ഉണ്ടാകുന്ന **ലോകാവസാനത്തിന്റെ** സംഭവങ്ങളായി കുറിച്ചിട്ടുള്ളവയെല്ലാം ലോകാരംഭം മുതൽ ഇന്നുവരെ **കാലാകാലമായി സംഭവിച്ചു കൊണ്ടിരിക്കുന്നു.** അതായത് **യേശുക്രിസ്തുവിന്റെ പരസ്യവരവിനായുള്ള** അടയാളങ്ങളായ **യുദ്ധങ്ങളും, ക്ഷാമങ്ങളും, മഹാമാരികളും, പ്രകൃതി ദുരന്തങ്ങളും** (മത്താ. 24 : 6–7). ഇപ്പോഴാണ് ലോകത്തിൽ സംഭവിക്കുന്നത് എന്നു നമുക്ക് പറയാൻ കഴിയില്ല. ലോകത്തിലെ ആദ്യത്തെ മനുഷ്യരായ **ആദാമും, ഹവ്വയും** ദൈവത്തിന്റെ കല്പനയെ ലംഘിച്ച് പാപം ചെയ്ത സമത്തിൽ നിന്ന് ഇന്ന് വരെ ഈ സംഭവങ്ങൾ കാലാകാലമായി ലോകത്തിന്റെ പല ഭാഗങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു.

എന്നാൽ യേശുക്രിസ്തുവിന്റെ പരസ്യവരവിനുള്ള അടയാളങ്ങളായി ഇവ സംഭവിക്കുമ്പോൾ ലോകത്തിൽ ഒരു പ്രത്യേക ഭാഗത്ത് മാത്രമല്ല ലോകം മുഴുവനും ഭൂരിപക്ഷവും ബോധിക്കപ്പെടുന്ന വിധത്തിൽ സംഭവിക്കും. ഇതുകൊണ്ടാണ് ലോകത്ത് നിന്നും സഭ മാറ്റപ്പെട്ടതിനുശേഷം യേശുവിന്റെ പരസ്യവരവിന് മുമ്പ് സംഭവിക്കുന്ന **യുദ്ധങ്ങളും, ക്ഷാമങ്ങളും, മഹാമാരികൾ** പോലുള്ളവ ലോകം ഉണ്ടായതു മുതൽ ഇന്നു വരെ സംഭവിക്കാത്തതും ഇനിമേൽ സംഭവിക്കാത്തതുമായ **വലിയ ഉപദ്രവം** (മത്താ. 24:21). ഇവകൾ **ലോകം മുഴുവനും** സംഭവിക്കും (വെളി. 14:2–11) എന്നും ഇതുമൂലം ഭൂമിയിൽ ജീവിക്കുന്ന ജനങ്ങളിൽ **കാൽഭാഗം** (വെളി. 6:8) അല്ലെങ്കിൽ **മൂന്നിൽ ഒരു ഭാഗം** (വെളി. 6:18, 9:15) **കൊല്ലപ്പെടും** എന്ന് വേദപുസ്തകം പറയുന്നത്. അതോടുകൂടെ ഇവകൾ **മൂന്നരവർഷക്കാലം** തുടർന്ന് ജനങ്ങളെ വേദനിപ്പിക്കുന്ന കഠിനമായ ബാധകളായിരിക്കും (ദാനി. 9:27). ഇതുകൊണ്ടാണ് ആ നാളുകൾ **ചുരുങ്ങിയിരിക്കുന്നതായും** ഇല്ലെങ്കിൽ അതു ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല എന്ന്

യേശുക്രിസ്തു പറയുന്നത് (മത്താ. 24:22). എന്നാൽ ഇന്ന് കൊറോണ ഉൾപ്പെടെ ഇതുവരെ ലോകത്തിൽ സംഭവിച്ചിട്ടുള്ള **യുദ്ധങ്ങൾ, ക്ഷാമങ്ങൾ, മഹാമാരികൾ** ലോകം മുഴുവനും ഒരേ സമയത്ത് വലിയ അളവിലൊന്നും ബാധിച്ചിട്ടില്ല.

അതോടുകൂടെ വരവിന്റെ ലക്ഷണങ്ങളായി കുറിച്ചിട്ടുള്ള സംഭവങ്ങൾ ഇനി വരാനുള്ള ദൈവകോപമായതുകൊണ്ട് (1 തെസ്സ. 1:10) ഭാവികാലത്ത് വരാനുള്ള ഉപദ്രവങ്ങളാണെന്ന് കാണാൻ സാധിക്കും. എന്തുകൊണ്ടെന്നാൽ പുതിയനിയമത്തിൽ ദൈവകോപത്തെ കാണിക്കാൻ ഉപയോഗിക്കുന്ന വാക്ക് **എപ്പോഴും പാപികളുടെ** മേൽ വരുന്ന ദൈവത്തിന്റെ അന്ത്യന്യായവിധിയെ കുറിക്കുന്നതിനുവേണ്ടിയാണ് ഉപയോഗിച്ചിരിക്കുന്നത്. **ഈ വാക്ക് ഇപ്പോൾ ഈ ലോകത്തിൽ ജീവിക്കുന്ന ക്രിസ്ത്യാനികൾക്ക് സംഭവിക്കുന്ന ഉപദ്രവങ്ങളെ കുറിച്ചുള്ളതല്ല.** അതോടുകൂടെ യിസ്രയേൽ മക്കളോട് ദൈവം ചെയ്ത ഉടമ്പടിക്ക് തക്കവണ്ണമാണ് പഴയനിയമ കാലത്തിൽ ക്ഷാമങ്ങൾ, മഹാമാരികൾ, യുദ്ധങ്ങൾ, അടിമത്ത്വം ഇങ്ങനെയുള്ള ഈ ലോകകാര്യങ്ങളിൽ **ദൈവത്തിന്റെ കോപം വെളിപ്പെട്ടത്.** എന്നാൽ പുതിയ നിയമകാലത്തിൽ ലോകാവസാനത്തിന്റെ അന്ത്യന്യായവിധിക്കുശേഷം വരുന്ന ശിക്ഷാവിധിയായിട്ടാണ് ദൈവകോപത്തെ കാണുന്നത്. അതുകൊണ്ട് ഇപ്പോൾ വന്ന **കൊറോണ വൈറസ് ദൈവകോപത്താൽ** വന്നതാണെന്ന് പറയാൻ കഴിയില്ല.

വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യന്റെ പാപം അവനെ മാത്രമല്ല ഭൂമിയേയും ബാധിച്ചു (ഉല്പ. 3:17). അതുകൊണ്ടാണ് **കൊറോണാ പോലുള്ള** കൊടൂരമായ വൈറസ് **കാലാകാലം പലരേയും കൊന്നു കുമിച്ചിരിക്കുന്നു.** ഉദാഹരണത്തിന് എ.ഡി. 165 ൽ **അൻതോണൈൻ** (***ANTONINE***) എന്ന ബാധയിൽ **മൈനർ ഏഷ്യ, ഈജിപ്റ്റ്, ഗ്രീക്ക്, ഇറ്റലി** തുടങ്ങിയ രാജ്യങ്ങളിൽ **5 മില്ല്യൻ** ജനങ്ങൾ മരിച്ചുപോയി. അതിന് ശേഷം എ.ഡി. 541 – 542 –സംഭവിച്ച **ജസ്നിയൻ** എന്ന ബാധ (***JSTINIAN***) മുഖാന്തരം

മദ്ധ്യധരണ്യാഴി കടലിന് കിഴക്ക് ഭാഗത്തുള്ള രാജ്യങ്ങളിൽ **25 മില്ല്യൻ** ജനങ്ങൾ മരിച്ചു പോയി. എ.ഡി. 1346 – 53 വരെ **യൂറോപ്പ്, ആഫ്രിക്ക, ഏഷ്യ** എന്നീ ഭൂഖണ്ഡങ്ങളിൽ ഉണ്ടായ **കറുപ്പ് ബാധയിൽ 200 മില്ല്യൻ ജനങ്ങൾ** മരിച്ചു പോയി. അതിന് ശേഷം 1852 – 1860 –ൽ **ഏഷ്യ, യൂറോപ്പ്, അമേരിക്ക, ആഫ്രിക്ക** പോലുള്ള ഭൂഖണ്ഡങ്ങളിൽ ഉണ്ടായ **കോളറ പനിയാൽ 1 മില്ല്യൻ ജനങ്ങളും** 1889 – 1890 –ൽ ഉണ്ടായ **റഷ്യൻ പനിയിൽ** ലോകത്തിലുള്ള **1 മില്ല്യൻ ജനങ്ങളും** 1910 – 1911 –ൽ ഉണ്ടായ **കോളറ പനിയിൽ 8 ലക്ഷത്തിലധികം ജനങ്ങളും** 1918 – 1920 –ൽ ഉണ്ടായ **സ്പാനിയ പനിയിൽ ചൈന, സിംഗപ്പൂർ, ഹോങ്കോങ്ങ്, അമേരിക്ക** എന്നീ രാജ്യങ്ങളിൽ **2 മില്ല്യൻ ജനങ്ങളും** 1968 –ൽ ഉണ്ടായ **ഹോങ്കോങ്ങ് പനിയിൽ സിങ്കപ്പൂർ, വിയറ്റ്നാം, ഫിലിപ്പിയൻസ്, ഇന്ത്യ, ഓസ്ട്രേലിയ, അമേരിക്ക** എന്നീ രാജ്യങ്ങളിലും യൂറോപ് ഭൂഖണ്ഡത്തിലും **1 മില്ല്യൻ ജനങ്ങളും** മരിക്കാൻ ഇടയായി. അതുപോലെ തന്നെ ഈ അടുത്ത കാല ചരിത്രത്തിൽ 2001 –ൽ **ആൻന്ത്രാസ്** 2002 –ൽ **വെഡ്നൈൽ** 2003 –ൽ **ചാൾസ്** 2006 –ൽ **ഈക്കോളി**, 2014 –ൽ **ഇമ്പോള**, 2016 –ൽ **സീക്കാ** തുടങ്ങി വൈറസ്സുകൾ ലോകത്തിലെ അനേകരേ വിഴുങ്ങിയതോടെ 2005 –ൽ **പക്ഷിപ്പനി** 2009 –ൽ **പന്നിപ്പനി** പലരേയും ബാധിച്ചു. ഇപ്പോൾ **കൊറോണാ എന്ന വൈറസ്** പലരേയും കൊന്നതോടെ **ജീവനോടിരിക്കുന്ന എല്ലാവർക്കും മരണഭയത്തേയും ഏർപ്പെടുത്തിയിരിക്കുന്ന** ഇതുവരെയുള്ള കാലയളവിൽ ലോകത്തിൽ ഉണ്ടായ **മഹാമാരികളെപ്പറ്റിയുള്ള ചരിത്രത്തെ** ശരിയായ വിധത്തിൽ അറിഞ്ഞിരുന്നാൽ ഇവ **അന്ത്യകാല ലക്ഷണങ്ങളായിട്ടല്ല ആരംഭകാലം മുതലേ** ഇങ്ങനെയുള്ള മഹാമാരികൾ ഉണ്ടായതായി കാണാൻ സാധിക്കും. അതുപോലെ തന്നെ ആരംഭകാലം മുതൽ ലോകത്തിൽ **പല യുദ്ധങ്ങൾ** സംഭവിച്ചിട്ടുണ്ട്. ഈ യുദ്ധങ്ങളിൽ പലരും കൊല്ലപ്പെട്ടിട്ടും ഈ അടുത്ത കാലത്തുണ്ടായ ഒന്നാം ലോക മഹായുദ്ധത്തിൽ **22 മില്ല്യൻ ജനങ്ങളും** രണ്ടാം ലോക മഹായുദ്ധത്തിൽ **85 മില്ല്യൻ ജനങ്ങളും മരിച്ചു**. അതുപോലെ തന്നെ പ്രകൃതിയിൽ അനർത്ഥങ്ങൾ പലതും ലോക ആരംഭകാലം മുതൽ

ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതിനെല്ലാം കാരണം **മനുഷ്യരായ നാം പാപികളായും** നാം ജീവിക്കുന്ന മാനുഷികലോകം പാപം മൂലം ബാധിക്കപ്പെട്ടതുമാണ് (റോമ. 8:20, 21). അതോടുകൂടെ മനുഷ്യർ **പാപികളായതുകൊണ്ട്** ഒരുവനോടൊരുവൻ വൈരാഗ്യം വച്ച് കൊണ്ട് വഴക്കുണ്ടാക്കുന്നവരായും കാണപ്പെടുന്നു (യാക്കോ. 4:1). ലോകത്തിലുണ്ടായ സകല യുദ്ധങ്ങൾക്കും കാരണവും ഇതു തന്നെയാണ്. അതുപോലെ തന്നെ മനുഷ്യരുടെ പാപം മൂലം ഭൂമി ബാധിക്കപ്പെട്ടതുകൊണ്ട് പ്രകൃതിക്ഷോഭങ്ങളും യഥാർത്ഥത്തിൽ ലോകത്തിൽ ദുരന്തങ്ങളും സംഭവിക്കുന്നതെല്ലാം ലോകാരംഭം മുതൽ ഇന്നുവരെ കാലാകാലങ്ങളായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഭവിച്ചിട്ടുള്ളതുകൊണ്ട് ഇപ്പോൾ ഉണ്ടായിരിക്കുന്ന നാശങ്ങളിൽ കൊറോണ എന്ന ഒന്നിനെ മാത്രം വച്ച് ഇത് അന്ത്യകാലത്തിന്റെ അടയാളം എന്ന് പറയാൻ സാധിക്കില്ല.

ഇതുവരെ ലോകത്തിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളെക്കാളും ഇപ്പോൾ വന്നിട്ടുള്ള **കൊറോണാ വൈറസ്** വളരെ അധികം ബാധിച്ചിരിക്കുന്നു എന്നും അതുകൊണ്ട് ഇതാണ് അന്ത്യകാലത്തിന്റെ ലക്ഷണം എന്ന് ഇപ്പോഴുള്ള ഭൂരിപക്ഷ ക്രിസ്ത്യാനികളും വിശ്വസിക്കുന്നു. എന്നാൽ നാം മുമ്പ് കണ്ടതുപോലെ മുൻകാലങ്ങളിൽ വന്ന മഹാമാരികൾ മൂലം മരണപ്പെട്ടവരുടെ കണക്കെടുത്തു നോക്കിയാൽ കൊറോണാ മൂലം മരിച്ചവരുടെ എണ്ണം കുറവാണ്. ചില മഹാമാരികൾ വന്നപ്പോൾ ലോകത്തിൽ പല **മില്യൻ കണക്കിന് ജനങ്ങൾ മരണപ്പെട്ടിട്ടുണ്ട്**. എന്നാൽ കൊറോണാ വൈറസ് മൂലം മരിച്ചവരുടെ സംഖ്യ **ചില ലക്ഷങ്ങൾ** മാത്രമാണ്. എന്നാൽ ഈ വൈറസ് **വിമാനങ്ങളെ** പറപ്പിക്കാൻ കഴിയാതവണ്ണം തടസ്സപ്പെടുത്തി. ജനങ്ങളുടെ ദൈനംദിന ജീവിതത്തെ മുഴുവനും ബാധിക്കതക്കവണ്ണം എല്ലാവരേയും **വീടിനുള്ളിൽ അടച്ചിട്ടു**. എല്ലാത്തിനും മേലായി **ആരാധനാലയങ്ങളെയും അടച്ചു പൂട്ടേണ്ടി വന്നു** എന്നു വിലപിക്കുന്ന ക്രിസ്ത്യാനികൾ വർദ്ധിച്ചു.

എന്നാൽ ഇവർ ഇതുവരെ പഴയകാല ക്രിസ്തീയ സഭയുടെ ചരിത്രത്തെ അറിയാത്തവരായി മുൻപ് എപ്പോഴും ഇല്ലാത്ത വിധത്തിൽ ഇപ്പോഴാണ് **ബാധിച്ച**തെന്ന് കരുതുന്നു. എന്നാൽ മുമ്പ് മഹാമാരികൾ വന്ന കാലങ്ങളിൽ ഇന്ന് ഉള്ളതുപോലെ **വിമാനം മൂലം** ഉള്ള യാത്രകൾ ഉണ്ടായിരുന്നില്ല. **ലോകത്തിൽ ഒരു മൂലയിൽ** നടക്കുന്ന കാര്യങ്ങൾ ഉടനെ അറിയാനുള്ള സൗകര്യങ്ങളും അന്നുണ്ടായിരുന്നില്ല. അതുകൊണ്ട് ഇപ്പോൾ ഏർപ്പെട്ടിരിക്കുന്ന ലോകം മുഴുവനുമുള്ള ബാധിപ്പ് മുമ്പുണ്ടായിരുന്നില്ല എന്നാലും ആ കാലത്ത് **കപ്പൽ യാത്രകൾ** മൂലം രോഗാണുക്കളെ **ഒരിടത്തു നിന്നും മറ്റൊരിടത്തേക്ക്** പരക്കാൻ ഇടയാക്കി. അതോടുകൂടെ ഈ പ്രത്യേക തരത്തിലുള്ള രോഗത്തിനുള്ള മരുന്നുകൾ കണ്ടു പിടിക്കുന്നതുവരെ അതിന്റെ ആക്രമണവും പടർന്നു പിടിക്കലും അധികമായിരുന്നു. മാത്രമല്ല ഇന്ന് ഇപ്പോഴുള്ള നിയന്ത്രണങ്ങൾ അതായത് **വീടിനുള്ളിൽ ഇരിക്കുക, മുഖകവചം അണിയുക, കൈകഴുക, സാമൂഹ്യ അകലം പാലിക്കൽ** എല്ലാം തന്നെ അപ്പോഴും ഉണ്ടായിരുന്നു. ക്രിസ്ത്യാനികൾക്ക് ആരാധനാ വഴിപാടുകൾ ഇല്ലാത്ത സാഹചര്യവും ഉണ്ടായിരുന്നു.

അതോടുകൂടെ, മഹാമാരികൾ ഉണ്ടായ കാലങ്ങൾ മാത്രമല്ല, പ്രകൃതിക്ഷോഭങ്ങൾ, യുദ്ധങ്ങൾ, ഭരണകൂടത്തിന്റെ എതിർപ്പുകൾ, ഉപദ്രവങ്ങൾ തുടങ്ങിയവ ഉണ്ടായിരുന്ന കാലങ്ങളിലും **ബാധിക്കപ്പെട്ട പ്രദേശങ്ങളിൽ ആലയങ്ങൾ** കുറിപ്പിട്ട കാലങ്ങൾ വരെ മൂടപ്പെട്ടിരുന്നു.

എല്ലാത്തിനും മേലായി ആദ്യത്തെ 3 നൂറ്റാണ്ടുകളിലും റോമൻ ഭരണം മൂലം ക്രിസ്ത്യാനികൾക്ക് ഉണ്ടായ പീഢകളും, നാശങ്ങളും ക്രിസ്ത്യാനിത്വത്തെ ഇല്ലാതാക്കുന്ന അളവിൽ വളരെ കാഠിന്യമേറിയതായിരുന്നു. അതുകൊണ്ട് ഇതുവരെയും ഇല്ലാതിരുന്ന കാര്യങ്ങളെ **കൊറോണാ** ഉണ്ടാക്കി എന്നു പറയാൻ കഴിയില്ല. എന്തെന്നാൽ ഈ വൈറസ്സ് **അന്ത്യകാലത്തിന്റെ അടയാളം അല്ല**.

# തമിഴ് ബൈബിൾ സൊസൈറ്റി

തമിഴ് ജനത വചനത്തിൽ വളരുവാനും ശുശ്രൂഷക്ക് സഹായമാകും വിധത്തിലും തമിഴ് ബൈബിൾ സൊസൈറ്റി രണ്ട് പഠന ബൈബിളുകൾ പ്രസിദ്ധീകരിച്ചിരിക്കുന്നു. ഈ വേദപുസ്തകങ്ങളുടെ പ്രകാശനം നിർവ്വഹിച്ചത് കർത്താവിൽ പ്രസിദ്ധയായ മിഷണറി ഗ്ലാഡിസ് സ്റ്റെയിൻസ്, ഒറീസ്സാ അവർകളാണ്.

വേദപുസ്തകത്തെക്കുറിച്ചു അവശ്യം അറിഞ്ഞിരിക്കേണ്ട വസ്തുതകൾ, ആത്മജ്ഞാനത്തിലും ശരിയായ രീതിയിലും എഴുതിയിരിക്കുന്നു. ഈ വേദപുസ്തകങ്ങൾ എന്റെയും കുടുംബത്തിന്റെ ആത്മീയ ജീവിതത്തിന് അനുഗ്രഹമാണ് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

തമിഴ് അറിയാവുന്ന നിങ്ങളുടെ ബന്ധുക്കൾക്കും, ചാർച്ചക്കാർക്കും, സ്നേഹിതർക്കും ക്രിസ്തുമസ്സ്, പുതുവത്സര സമ്മാനമായി ഒരു കോപ്പി സമ്മാനിക്കുക. സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന ശുശ്രൂഷകർക്ക് നിങ്ങൾ ഈ വേദപുസ്തകങ്ങളുടെ കോപ്പികൾ സമ്മാനമായി നല്കുന്നത് തമിഴ്നാട്ടിലെയും തമിഴ് ജനതക്കിടയിലുമുള്ള ദൈവവേലയ്ക്ക് നിങ്ങളുടെ കൈത്താങ്ങായിരിക്കും.

## വേദപുസ്തകങ്ങളുടെ വിവരം

1. സൊല്ലോവിയ വേദാഗമം (ചിത്രത്തോടുകൂടിയ പഠന ബൈബിൾ, 2640 പേജുകൾ, വില - 1990/-) + പോസ്റ്റൽ ചാർജ് 100/-
2. ഇണൈ വസന വേദാഗമം (*Concordence*) (ഒത്തുവാക്യ പഠനബൈബിൾ, 1936 പേജുകൾ, വില - 1350/-) + പോസ്റ്റൽ ചാർജ് 100/-

## വേദപുസ്തകങ്ങൾക്കായി

**TAMIL BIBLE SOCIETY**

PB No. 25, Marthandam P.O. Kanyakumari District, Tamil Nadu - 629 165

Mob : +91 94 966 12 988

(മലയാളത്തിൽ മറുപടി ലഭിക്കുന്നതാണ്)

Email : tamilbiblesociety@gmail.com

മുന്നറിയിപ്പ് ! മുന്നറിയിപ്പ് !!

## എതിർ ക്രിസ്തുവിന്റെ ഭരണത്തിന് യിസ്രായേൽ രാജ്യം ഒരുങ്ങിക്കൊണ്ടിരിക്കുന്നു

1948–ാം വർഷം യിസ്രയേൽ എന്ന രാജ്യം ഉദയമായി. യിസ്രയേൽ സ്വാതന്ത്ര്യം പ്രാപിച്ച അതേ ദിവസം ആദ്യമായി ജനിച്ച കുഞ്ഞാണ് യിസ്രയേലിൽ ഇപ്പോൾ പ്രധാനമന്ത്രിയായിരിക്കുന്ന **ബെഞ്ചമിൻ നെദന്യാഹു**.

ഇദ്ദേഹം പെട്ടെന്ന് മാദ്ധ്യമ പ്രവർത്തകരെ വിളിച്ച് "യിസ്രയേലിലുള്ള എല്ലാ ചെറിയ കുട്ടികൾക്കും മൈക്രോ ചിപ്പ് ഘടിപ്പിക്കണം. അത് കൊറോണ വൈറസിൽ നിന്നും അവരെ രക്ഷിക്കും" എന്നു പറഞ്ഞു. ഇതിന് യിസ്രയേൽ നാട്ടിലുള്ള എല്ലാ ജനങ്ങളും ഒരുമിച്ച് അവരുടെ എതിർപ്പിനെ അറിയിച്ചു. **ഓർത്തഡോക്സ് യഹൂദൻമാരും മേശിയാനിസ് യഹൂദൻമാരും** വളരെ ശക്തമായി അവരുടെ എതിർപ്പ് അറിയിച്ചു. ഇതിന് പ്രധാനമന്ത്രി ഉപയോഗിച്ച വാക്ക് **സ്വ്വ്** എന്നാണ് ഇതിന് **ചിപ്പ്** എന്നാണ് അർത്ഥം എതിർപ്പുകൾ ശക്തമായതോടെ പ്രധാനമന്ത്രി **സ്വ്വ്** എന്ന വാക്കിന് പകരം ഹൈഷാ എന്ന വാക്ക് ഉപയോഗിച്ചു. ഇത് കാറുകളിൽ ഉപയോഗിക്കുന്ന സെൻസറിന് പറയപ്പെടുന്ന വാക്കാണ്. ഇപ്പോൾ ഈ ഹൈഷാ എന്ന സെൻസർ ചിപ്പിനെ ചെറിയ കുട്ടികൾ മുതൽ വലിയവർ വരെ ദേശത്തിലുള്ള എല്ലാവരും നിർബന്ധമായും ഘടിപ്പിക്കണം എന്ന് അധികാരപൂർവ്വമായി അറിയിച്ച് നടപ്പിലാക്കാൻ തുടങ്ങി കഴിഞ്ഞു.

അന്തിക്രിസ്തുവിന്റെ അധികാര പരിധിയിൽ നമ്മെ എല്ലാവരെയും സമർപ്പിക്കാൻ ദേശത്തിലെ ഭരണാധികാരികൾ, നേതാക്കൻമാർ ഉടമ്പടി ചെയ്യാൻ പോകുന്നു. യേശുവിന്റെ വരവ് വളരെ അടുത്തിരിക്കുന്നു.

## ONLINE BANKING (NEFT)

**Dr M G E PUSHPARAJ**, **SALEM - 636 005. INDIA**

**STATE BANK OF INDIA** (SALEM-1970)

**A/C No: 10764116842** IFSC CODE - IFSC SBIN0001970 -10764116842
SWIFT CODE - SBININBB637- 10764116842

**CANARA BANK - SALEM** (SURAMANGALAM BRANCH)

**A/C No: 1219101013622.** IFSC CODE - IFSC CNRB0001219- 1219101013622.
SWIFT CODE - CNRBINBBSLM -1219101013622.

## ആശംസകൾ



മാർത്തോമ്മാ സഭയുടെ പത്താമത്തെ പരമാധ്യക്ഷനായി ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പൊലീത്ത സ്ഥാനമേറ്റിരിക്കുന്നു. മാർത്തോമ്മാ സഭയുടെ പാരമ്പര്യപ്രകാരം ഒരു വ്യക്തി ബിഷപ്പാകണമെങ്കിൽ തറവാട്ടിൽ ജനിച്ചിരിക്കണം, അവിവാഹിതനായി തുടരണം, താടി വളർത്തിത്തുടങ്ങണം എന്നിങ്ങനെയുള്ള കാര്യങ്ങളുണ്ട്.

ഇപ്പോഴത്തെ മെത്രാപ്പോലീത്താ താടിയില്ലാത്ത ആദ്യ മെത്രാപ്പോലീത്തയാണ്. മെത്രാപ്പോലീത്തയുടെ നാളുകളിൽ സഭ വചനപാതയിൽ സഞ്ചരിക്കാനും ജനം ആത്മീയ അഭിവൃദ്ധി നേടാനും ഇടയാകട്ടെ. എന്റെ പേരിലും ജാമക്കാരൻ വായനക്കാരുടെ പേരിലുമുള്ള പ്രാർത്ഥന നിറഞ്ഞ ആശംസകൾ മെത്രാപ്പോലീത്തായ്ക്ക് നേരുന്നു. അസുഖം കൊണ്ട് താടിയിലും തലയിലും ഉള്ള മുടി പൊഴിഞ്ഞു പോയതായി ഞാൻ പിന്നീട് അറിഞ്ഞു.

**OCTOBER - 2020**

# Printed Book (Periodical)


**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**


**Return Requested:**


**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**



Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.